**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4139** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത ടൂറിസം മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീമതി ഒ എസ് അംബിക | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സ്ത്രീകളുടെയും പാർശ്വവൽകൃത ജനവിഭാഗങ്ങളുടെയും സാമ്പത്തിക സ്വാശ്രയത്വവും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിന് ഉത്തരവാദിത്ത വിനോദസഞ്ചാര പരിപാടി വഴി സാധ്യമാകുന്നുണ്ടോ; ആയതിനായി എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | ടൂറിസം മേഖലയിൽ പ്രാദേശിക ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് ടൂറിസത്തിന്റെ ഗുണഫലങ്ങൾ പ്രാദേശിക ജനസമൂഹത്തിന് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കി വരുന്നത്. നിലവിലുള്ള സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട്, ഏറ്റവും കുറഞ്ഞ മുതൽ മുടക്കിൽ ടൂറിസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുവാനാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ പരിശീലനം നൽകുന്നത്. നിലവിലെ തൊഴിലും വരുമാനവും നിലനിർത്തിക്കൊണ്ട് തന്നെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളിലൂടെ അധിക വരുമാനം ലഭ്യമാക്കുക, അതിലൂടെ നമ്മുടെ കല, സംസ്കാരം, പാരമ്പര്യ തൊഴിലുകൾ, കരകൗശല വസ്തുക്കളുടെ നിർമ്മാണം, പ്രകൃതി സൗഹൃദ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, പ്രാദേശിക ഭക്ഷണം സഞ്ചാരികൾക്ക് ലഭ്യമാക്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകൾ ചെയ്തു വരുന്നത്. നിലവിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കി വരുന്ന പദ്ധതികളും പ്രവർത്തനങ്ങളും സ്ത്രീകൾക്ക് പ്രാധാന്യം നൽകിക്കൊണ്ടാണ് നടപ്പിലാക്കുന്നത്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ വിഭാഗങ്ങളിലായി ആകെയുള്ള 20019 യൂണിറ്റുകളിൽ 16013 (80%) എണ്ണം വനിതകളുടെ ഉടമസ്ഥതയിൽ ഉള്ളതോ വനിതകൾ നയിക്കുന്നതോ ആണ്. ഇവരെല്ലാം പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ചു കൊണ്ടുള്ള സൂക്ഷ്മ/ചെറുകിട സംരംഭങ്ങൾ നടത്തുന്നവരാണ്. ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കുന്ന എക്സ്പീരിയൻസ് എത്തിക്ക്/ലോക്കൽ ക്യുസീൻ നെറ്റ് വർക്ക് സാധാരണക്കാരായ |

| | | | |
|---|---|---|---|
| | | | വീട്ടമ്മമാരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ചു വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ളതാണ് മിഷൻ നടത്തുന്ന തുണി സഞ്ചി, പേപ്പർ ബാഗ്, പപ്പടം, മെഴുകുതിരി. സോപ്പ്, വിവിധ കരകൗശല വസ്തുക്കൾ എന്നിവയുടെയെല്ലാം നിർമ്മാണത്തിനുള്ള പരിശീലനങ്ങൾ പ്രാദേശിക സമൂഹത്തിലെ സാധാരണക്കാരായ വീട്ടമ്മമാർ ഉൾപ്പെടുന്ന വനിതകളെ വിവിധ തരത്തിൽ ടൂറിസം രംഗവുമായി ബന്ധിപ്പിക്കുന്ന സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രാപ്തരാക്കുന്നു. പരിശീലനം ലഭിച്ചവരെ യൂണിറ്റുകളായി രജിസ്റ്റർ ചെയ്തു ടൂറിസം രംഗവുമായി ഓൺലൈൻ ആയും ഓഫ് ലൈൻ ആയും ബന്ധിപ്പിക്കുകയും ചെയ്യുന്നു. കലാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന പ്രാദേശിക ഗ്രൂപ്പുകളെ, പ്രത്യേകിച്ച് തിരുവാതിര പോലെ പ്രാദേശിക കലാരൂപങ്ങൾ അവതരിപ്പിക്കുന്ന സ്ത്രീകളുടെ പ്രാദേശിക ഗ്രൂപ്പുകൾ രൂപീകരിക്കുകയും, അവരെ ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകളായി രജിസ്റ്റർ ചെയ്തുകൊണ്ട്ഉത്തരവാദിത്ത ടൂറിസം മിഷന്റെ കലാകാരൻമാർക്കുള്ള ഓൺലൈൻ പ്ലാറ്റ് ഫോമിൽ രജിസ്റ്റർ ചെയ്യുന്നു. ഇത് വഴി ടൂറിസ്റ്റുകൾക്കും, ടൂറിസം സ്ഥാപനങ്ങൾക്കും മാത്രമല്ല കലയിൽ താൽപ്പര്യമുള്ള ആർക്കു വേണമെങ്കിലും ഈ യൂണിറ്റുകളുടെ പ്രോഗ്രാം ബുക്ക് ചെയ്യാവുന്നതാണ്. ഇങ്ങനെ വിവിധ തരത്തിൽ സ്ത്രീകൾക്ക് ടൂറിസവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നതിനുള്ള അവസരങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ ഒരുക്കി നൽകുന്നുണ്ട്. അംഗപരിമിതർക്കായി ആക്സസിബിൾ ടൂറിസം മാർഗ്ഗരേഖ രൂപീകരിക്കുകയും, കോവളം ടൂറിസം കേന്ദ്രത്തിലെ ആക്സസിബിലിറ്റിയെ സംബന്ധിച്ച ഒരു പഠനം നടത്തുകയും, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഹെൽപിംഗ് ഹാൻഡ് ഓർഗനൈസേഷൻ എന്ന സംഘടനയുമായി ചേർന്ന് ആക്സസിബിൾ കൈറ്റ്ഫെസ്റ്റ് നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽപ്പെട്ടവരെയും പ്രാദേശിക സമൂഹത്തെയും ഈ പരിപാടിയിൽ കണ്ണിചേർക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തുന്ന പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |
| (സി) | പാരിസ്ഥിതിക, സാംസ്കാരിക ആഘാതങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ മുൻകരുതൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ? | (സി) | ഓരോ പ്രദേശത്തും നിലനിൽക്കുന്ന പ്രാദേശിക നിബന്ധനകൾക്ക് അനുസരിച്ച് മാത്രമാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ ടൂറിസം പ്രവർത്തനങ്ങൾ നടത്തുന്നത്. പ്രത്യേകിച്ച് ആചാരങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വിനോദ |

| | | | |
|---|---|---|---|
| | | | സഞ്ചാരികൾക്ക് മുമ്പിൽ പ്രദർശിപ്പിക്കാവുന്ന കലാരൂപങ്ങൾ ആയ രംഗകലകൾ മാത്രമാണ് വിനോദ സഞ്ചാരികൾക്കായി നടത്തപ്പെടുന്നത്. അനുഷ്ഠാന കലകൾ ആസ്വദിക്കുവാൻ താൽപ്പര്യമുള്ള വിനോദസഞ്ചാരികളെ അവ നടക്കുന്ന ഇടങ്ങളിലേക്ക് കൊണ്ടുപോകുകയും, പ്രവേശനം ഉള്ള ഇടങ്ങളിൽ അതാത് പ്രദേശത്തെ നിബന്ധനകൾ പാലിച്ചുകൊണ്ട് അവർക്ക് പ്രസ്തുത കലാരൂപം ആസ്വദിക്കുവാനുള്ള സൗകര്യം ഒരുക്കുകയും ഉത്തരവാദിത്ത ടൂറിസം മിഷൻ പദ്ധതികളിലൂടെ സാധ്യമാകുന്നു.. ഉത്തരവാദിത്ത ടൂറിസം മിഷൻ ഒരിക്കലും ഉത്സവങ്ങൾ, പെരുന്നാളുകൾ പോലെയുള്ള ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായ പരിപാടികൾ വിനോദ സഞ്ചാരികൾക്കായി പുനഃസൃഷ്ടിക്കാറില്ല, അതാതു പരിപാടികൾ നടക്കുന്ന സമയത്ത് അനുയോജ്യമായ രീതിയിൽ താൽപ്പര്യമുള്ള വിനോദ സഞ്ചാരികൾക്ക് അത് കാണുന്നതിനും പങ്കുചേരുന്നതിനുമുള്ള സാഹചര്യം ഉണ്ടാക്കുകയാണ്ചെയ്യുന്നത്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങളെല്ലാം പാരിസ്ഥിതിക ഉത്തരവാദിത്തത്തിനു പ്രാധാന്യം നൽകിക്കൊണ്ടാണ് നടക്കുന്നത്. അതിന്റെ ഭാഗമായി ടൂറിസം കേന്ദ്രങ്ങളിലും ടൂറിസം അക്കോമഡേഷൻ യൂണിറ്റുകളിലും മിയാവാക്കി മാതൃകയിൽ വനവൽക്കരണം, ഹോംസ്റ്റഡ് ഫാമിംഗ് എന്നിവയും പ്രോത്സാഹിപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ